Santhigiri

ഗുരുവാണി

"ജീവിതംകൊണ്ട് പകർത്തിയെടുക്കാനുള്ള ധർമ്മബോധമുണ്ടെങ്കിലേ നിങ്ങൾക്കിത് അനുസരിച്ച് കൈകാര്യം ചെയ്യാൻ കഴിയൂ."

# ഉമ്മിണിതങ്കം

VOL 03 | ISSUE 56 | 2017 ഡിസംബർ 31 | 1193 ധനു 16

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# പൂജിതപീഠം സമർപ്പണം:

## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ ഗൃഹസന്ദർശനം ശ്രദ്ധേയമായി

**സ്പിരിചൽ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷത്തിന്റെ ഭാഗമായി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഗൃഹസ്ഥാശ്രമസംഘം യൂണിറ്റുകളിലെ ഭവനങ്ങളിൽ നടത്തിയ സന്ദർശനം ആത്മബന്ധുക്കൾക്ക് സന്തോഷം പകർന്നു. ഡിസംബർ 24 ഞായറാഴ്ചയാണ് സ്വാമിയുടെ ഗൃഹസന്ദർശന പരിപാടി ആരംഭിച്ചത്. ജനസേവികപുരം, ലക്ഷ്മിപുരം, സ്നേഹപുരം, ശാന്തിഗിരി ജംഗ്ഷൻ, ആനന്ദപുരം എന്നീ യൂണിറ്റുകളിലെ രോഗികളും വൃദ്ധരുമായ ആത്മബന്ധുക്കളുടെ ഭവനങ്ങളിലാണ് ആശ്വാസവുമായി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എത്തിയത്. ഗൃഹപ്രവേശനം, വിവാഹം തുടങ്ങിയവ നടന്ന ഭവനങ്ങളും ആത്മബന്ധുക്കളുടെ ദേഹവിയോഗം മൂലം ദു:ഖിതരായ കുടുംബാംഗങ്ങളെയും സ്വാമി സന്ദർശിക്കുകയുണ്ടായി. രാവിലെ 8 മണിക്ക് ആരംഭിച്ച ഗൃഹസന്ദർശനം രാത്രി എട്ടു മണി വരെ നീണ്ടു. വീടുകളിൽ പ്രസാദവിതരണവും ഉണ്ടായിരുന്നു.



*ഗൃഹസന്ദർശന പരിപാടിയിൽ നിന്ന്*

ലക്ഷ്മിപുരത്ത് പൂജിതപീഠം സമർപ്പണം കോഡിനേഷൻ മീറ്റിംഗിൽ സംസാരിച്ച സ്വാമി, പൂജിതപീഠം സമർപ്പണാഘോഷത്തിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യം വിശദീകരിച്ചു. ആശ്രമത്തിലെ ഓരോ ആഘോഷങ്ങളും നമ്മുടെ ജീവന്റെ പരിവർത്തനഘട്ടമാണ്. ആശ്രമത്തിന്റെ വളർച്ചയും വികാസവും ഈ പരമ്പരയ്ക്കുണ്ടാകുന്ന വളർച്ചയും വികാസവുമാണെന്നും സ്വാമി ചൂണ്ടിക്കാട്ടി.

ഗൃഹസന്ദർശന പരിപാടിക്ക് ശേഷം രാത്രി 8 മണിക്ക് ഗൃഹസ്ഥാശ്രമസംഘം ഓഫീസിൽ സർവാദരണീയ ഓർഗനൈസിംഗ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മീറ്റിംഗ് നടന്നു. അടിസ്ഥാന സൗകര്യങ്ങളില്ലാതെ വിഷമിക്കുന്ന ആത്മബന്ധുക്കളുടെ വീടുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് ഗൃഹസ്ഥാശ്രമസംഘം പ്രത്യേകം ശ്രദ്ധിക്കണമെന്ന് സ്വാമി യോഗത്തിൽ നിർദ്ദേശിച്ചു. ആത്മബന്ധുക്കളുടെ പരാതികൾക്ക് ഉടൻ പരിഹാരം കണ്ടെത്താനും സ്വാമി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കി.

25 ന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ അധ്യക്ഷതയിൽ രത്നഗിരി യൂണിറ്റിലെ കോഡിനേഷൻ മീറ്റിംഗും ഗൃഹസ്ഥാശ്രമസംഘം ഗവേണിംഗ് കമ്മിറ്റി അംഗങ്ങളുടെയും യൂണിറ്റ് കോഡിനേറ്റേഴ്സിന്റെയും സംയുക്ത മീറ്റിംഗും നടന്നു. ഡിസംബർ 28 വ്യാഴാഴ്ച പോത്തൻകോട് യൂണിറ്റിൽ 12 ഭവനങ്ങളിൽ വൈകുന്നേരം 6 മണി മുതൽ രാത്രി 10 വരെ സ്വാമി സന്ദർശനം നടത്തുകയുണ്ടായി. ലക്ഷ്മിപുരം- അഗ്രികൾച്ചർ സോൺ, രത്നഗിരി, ആനന്ദപുരം യൂണിറ്റുകളിലെ ഭവനങ്ങളിൽ സ്വാമി ഇന്ന് സന്ദർശനം നടത്തും.

സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, പി.പി. ബാബു, അരുൺ പ്രസാദ്, ഡോ. ഹരിദാസ് റ്റി., കരുണാനന്ദ് കെ.കെ. എന്നിവർ ഗൃഹസന്ദർശന പരിപാടിയിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയെ അനുഗമിച്ചു.

തികച്ചും ആകസ്മികമായി നടത്തിയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ ഗൃഹസന്ദർശന പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞതിലെ സന്തോഷവും സംതൃപ്തിയും ആത്മബന്ധുക്കൾ പങ്കുവയ്ക്കുകയുണ്ടായി.

## ശാന്തിമഹിമ പ്രവർത്തകർക്ക് ഉണർവ്വ് പകർന്ന് ദ്വിദിന ക്യാമ്പ്

**സ്പിരിചൽ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷത്തിനു മുന്നോടിയായി ശാന്തിഗിരി ശാന്തിമഹിമ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച 'ഉണർവ്' ക്യാമ്പുകൾ പ്രവർത്തകർക്ക് ആവേശം പകർന്നു. കന്യാകുമാരി, കൊല്ലം, ഹരിപ്പാട്, ചേർത്തല, തൃശൂർ, കോഴിക്കോട്, തലശേരി എന്നിവിടങ്ങളിലാണ് അതത് സ്ഥലങ്ങളിലെ പ്രവർത്തകർക്കായി ക്യാമ്പുകൾ സംഘടിപ്പിച്ചത്. ശാന്തിഗിരി ആശ്രമം, കന്യാകുമാരി ബ്രാഞ്ചിൽ വച്ച് ഡിസംബർ 29, 30 തീയതികളിൽ നടന്ന ക്യാമ്പിൽ തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലെ നൂറോളം ശാന്തിമഹിമ പ്രവർത്തകർ പങ്കെടുത്തു. സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജനനി അഭയ ജ്ഞാനതപസ്വിനി, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സ്വാമി മുക്തചിത്ത ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിധ്യമായി. ഉച്ചഭക്ഷണത്തിനുശേഷം കന്യാകുമാരി വിവേകാനന്ദപ്പാറ സന്ദർശനവും ഉണ്ടായിരുന്നു.



*സ്വാമി ചൈതന്യ ജ്ഞാനതപസ്വി കോഴിക്കോട് നടന്ന ഉണർവ് ക്യാമ്പ് ദീപശിഖപ്രയാണത്തിന് തുടക്കം കുറിക്കുന്നു*

തലശേരി, കണ്ണൂർ, വടകര ഏരിയകളിലെ ശാന്തിമഹിമ ഉണർവ് ക്യാമ്പ് ശാന്തിഗിരി ആശ്രമം, വള്ള്യായി ബ്രാഞ്ചിൽ വച്ച് സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ശാന്തിഗിരി ആശ്രമം ഹരിപ്പാട് ബ്രാഞ്ചിൽ വച്ചു നടന്ന ക്യാമ്പ് സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വിയും ആലപ്പുഴ, ചേർത്തല ഏരിയകളുടെ ക്യാമ്പ് ജന്മഗൃഹത്തിൽ വച്ച് ജനനി അഭേദ ജ്ഞാനതപസ്വിനിയും ഉദ്ഘാടനം ചെയ്തു. കൊല്ലത്ത് വച്ച് നടന്ന ക്യാമ്പ് ശാന്തിഗിരി ആശ്രമം പോളയത്തോട് ബ്രാഞ്ചിൽ വച്ച് സ്വാമി ഭാസുരജ്ഞാനതപസ്വിയും തൃശൂരിൽ സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വിയും കോഴിക്കോട്, കൊയിലാണ്ടി ഏരിയകളുടെ ക്യാമ്പ് സ്വാമി നവകൃപ ജ്ഞാനതപസ്വിയും ഉദ്ഘാടനം ചെയ്തു. കല്ലാറിൽ ഇന്ന് നടക്കുന്ന ഉണർവ് ക്യാമ്പ് സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യും.



*കന്യാകുമാരിയിൽ നടന്ന ഉണർവ് ക്യാമ്പ്*

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

## ഗുരുവാണി

ഒരു കുട്ടിക്ക് മാർക്കു കുറഞ്ഞുപോയതിന് അമ്മ ചത്തുകളഞ്ഞു. അപ്പോൾ നിങ്ങൾ എത്ര ചീത്തയായിരിക്കുന്നു? ഈ കുട്ടി പഠിച്ച് കൂടുതൽ മാർക്കു വാങ്ങിച്ചതിനുശേഷം അതു ചത്തുപോയാൽ എന്തുചെയ്യും? ഇങ്ങനെയൊക്കെ കർമം തിരിച്ചറിയാത്ത കഴുതകളായി അച്ഛനും അമ്മയും മറന്നു ജീവിക്കുന്ന നിങ്ങൾ എവിടത്തേക്ക് ജീവിക്കുകയാണ്? ഇവരെല്ലാംകൂടി പഠിച്ചുവന്നാലോ, ജോലി വേലിപ്പത്തലിനകത്താണ്. ഇങ്ങനെയൊന്നും പഠിപ്പിച്ച് നിങ്ങൾ നാടിനും വീടിനും ആളില്ലാതാക്കരുത്. നിങ്ങളുടെ മക്കളോട് നിങ്ങൾ ഇങ്ങനെ ചെയ്യുമ്പോൾ ലോകത്തോട് നിങ്ങൾ എന്തു ചെയ്യില്ല!

ഈ അറിവുകേടൊക്കെ ഒന്നു മാറിക്കിട്ടാനാണ് നമുക്കു ദൈവം അറിവു തന്നത്. ഞാൻ സന്ന്യാസം പറയുകയല്ല. സന്ന്യാസം ഇതൊന്നുമല്ല. ഗൃഹസ്ഥാശ്രമികളാകാൻ നിങ്ങൾ എങ്ങനെയായിരിക്കണം. അതിനുള്ള എല്ലാം ഞാൻ ഇവിടെ ചെയ്തുവച്ചിട്ടുണ്ട്. വീടു സൂക്ഷിക്കാത്ത വീടിന്റെ വേദനയാണു പറയുന്നത്. ഭ്രാന്തുപിടിച്ചു ചത്ത പിശാചിനെ വച്ചു പൂജിച്ചു മോക്ഷം തേടുന്ന പദവിയാണു നിങ്ങളുടേത്. അതായത് നമ്മൾ ആരാധിച്ചുപൂർത്തിയാക്കിയിരിക്കുന്ന കർമദോഷം പൂർവിക തലമുറയ്ക്കാണ്. ആ കർമദോഷത്തിന്റെ രാശിയിൽ ജനിച്ച മക്കളാണ് ഓരോന്നും. അതൊന്നു മാറ്റി എടുക്കാൻ അച്ഛനും അമ്മയും കിണഞ്ഞു പരിശ്രമിക്കണം. അതിന് എങ്ങനെയാണു നിങ്ങളുടെ കഴിവ് പ്രാപ്തപ്പെടുത്തിയിരിക്കുന്നത്? ഒരു കോടാലിവെട്ടുകാരൻ പറയും, ഞാൻ എത്ര കഷ്ടപ്പെട്ടാലും എന്റെ മക്കളെ നെഹ്റുവിന്റെ മക്കളെപ്പോലെ വളർത്തും. ഇവനോട് എന്തുപറയാനാണ്. ഇതുപോലെ അച്ഛനും അമ്മയും കൂടി പഠിപ്പിച്ചു പടികയറ്റി കാശിനുകൊള്ളാതെ വളർത്തി ലോകത്തിന്റെ മുമ്പിൽ വയ്ക്കും. അവൻ ലോകത്തുനടന്നു സകല വിഡ്ഢിത്തങ്ങളും ചെയ്തു നശിക്കും. ഏതെല്ലാം വീട്ടിൽ ചെന്നു കയറുന്നോ അവിടെയെല്ലാം നശിപ്പിക്കും. എവിടെ നിൽക്കുകയാണോ അവിടെയെല്ലാം നശിപ്പിക്കും. ഈ ജാതി മക്കളെയാണു നിങ്ങൾ വളർത്തിവിടുന്നത്. എന്നിട്ട് അവരെ പൊക്കിപ്പറയും. ഈ നിലയിലുള്ള ഒരു അറിവുകേട് നിങ്ങളുടെ ഗൃഹധർമത്തിന്റെ ഇടയിൽ വളർന്നുമുറ്റി നിൽക്കുകയാണ്. ഇതിനൊരു മാറ്റം വരുത്താൻ ദൈവം തന്ന ഒരവസരം ഇവിടെ ഉപയോഗപ്പെടുത്തുകയാണ്. അതെങ്ങനെയാണ്? ആര് ഈ ആശയത്തെ ഉൾക്കൊള്ളുവാൻ തയ്യാറാകുന്നോ, അവന്റെ പിതൃക്കളുടെ ദോഷത്തെ മാറ്റുകയാണ്. എന്നിട്ട് ആ പിതൃക്കളെക്കൊണ്ട് നിങ്ങൾക്ക് ഗുണം ചെയ്യിക്കയാണ്. ഈ പിതൃക്കളുടെ ഗുണദോഷങ്ങൾ നോക്കിയിട്ടാണു നിങ്ങളുടെ മക്കളെക്കൊണ്ടു കല്യാണം ചെയ്യിപ്പിക്കുന്നത്. ആണു ചേരുമോ പെണ്ണു ചേരുമോ അച്ഛൻ ചേരുമോ അമ്മ ചേരുമോ എന്നിവിടെ നോട്ടമില്ല. ഈ പിതൃക്കൾക്ക് ജനിക്കാനുള്ള ഏതെങ്കിലുമൊരു കുഞ്ഞ് ആ വീട്ടിലുണ്ടെങ്കിൽ അത് ഇവർക്ക് ജനിക്കണം. അതിനുള്ള കർമമാണ് ഇവിടെ ചെയ്യുന്നത്. ഇത്രയും ദൈവം കാത്തിരിക്കുന്ന ഈ കർമത്തിൽ നിങ്ങൾക്ക് എത്രത്തോളം കഷ്ടപ്പെടാം. ഈ തല്ലിക്കൊന്നു മാറ്റി നിർത്തിയിരിക്കുന്ന വകയ്ക്കു നേരേ മോചനം കൊടുക്കുന്ന കർമമാണ് ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നത്. അതായത് ദേവി, ദേവൻ, ഋഷി, സന്ന്യാസി ഇവരെപ്പോലുള്ള പിതൃക്കൾക്ക്.

ഒരു കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ മനസ്സിലാകും; ഗുരുവായൂരിൽ തീപിടിച്ചതിനുശേഷം ജനിച്ച കുട്ടികൾക്ക് ബുദ്ധി കൂടുതലാണ്. ഇപ്പോൾ ഇരുപത്തഞ്ചിനകത്തു പ്രായമുള്ള കുട്ടികൾക്കുള്ള ബുദ്ധി, അവരുടെ അച്ഛനമ്മമാരായ നിങ്ങൾക്ക് അവരുടെ പ്രായത്തിൽ ഉണ്ടായിരുന്നോ? ഈ മക്കൾ തികച്ചും നിങ്ങൾക്ക് ഉതകുന്നവരാണ്. ഇത് നിങ്ങൾക്കെങ്ങനെ ഉതകണം, അതു നിങ്ങൾ എങ്ങനെ എടുക്കണം എന്നു നിങ്ങൾ ചിന്തിച്ചുകൊള്ളണം. ഗുരുവായൂരിൽ തീപിടിച്ചത് ഇരുപത്തഞ്ചു വർഷം മുമ്പാണ്. അതിനെ സംബന്ധിച്ച മറ്റു കാര്യങ്ങൾ പിന്നെ നിങ്ങൾ അറിഞ്ഞുകൊള്ളും. ഞാൻ വേദനപ്പെട്ട കാര്യമാണു നിങ്ങളോടു പറയുന്നത്. ഞാൻ വേദനിച്ചത്, നിങ്ങൾ എല്ലാവരുംകൂടി വേദനിച്ചാലും കിട്ടാത്ത ഒരു ഫലം നിങ്ങളുടെ മക്കളിൽക്കൂടി വരാനാണ്. അത് ദൈവം വിധിച്ച ഒരു കാര്യമാണ്. അത് നിങ്ങൾ അന്വേഷിച്ചറിഞ്ഞുകൊള്ളണം. ഗുരുവായൂരിൽ തീപിടിച്ചതിനുശേഷം ഏതു ലോകത്ത്, ഏതു മതത്തിൽ, ഏതു ജാതിയിൽ, ഏതു വീട്ടിൽ ജനിച്ച കുട്ടികളായാലും അവർ നല്ല ബുദ്ധിക്ക് അവകാശപ്പെട്ടവരാണ്. അങ്ങനെ ഒരു എട്ടുപത്തു വ്യാഴവട്ടം കഴിയുമ്പോൾ ഒരു നൂറ്റാണ്ട് മാറുകയാണ്. അന്നത്തെ സ്ഥിതിവിശേഷം ഇന്നു നമ്മൾ കാണുന്നതുപോലെയൊന്നും ആയിരിക്കുകയില്ല. അങ്ങനെ ഒരു മുന്നൂറ്റിയമ്പതു കൊല്ലം കഴിയുമ്പോൾ കേരളവും ഇന്ത്യയും ലോകത്ത് ഏറ്റവും മുന്നിൽ വരും. ദൈവം അതിനുവേണ്ടി സഹായിക്കുകയാണു നമ്മളെ. നിങ്ങൾ അതു സൂക്ഷിച്ചുകൊള്ളണം.

### വചനദീപ്തി

**വാക്കാണ് സത്യം, സത്യമാണ് ഗുരു, ഗുരുവാണ് ദൈവം**

### സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 ജനുവരി 5 – കരുണപുരം ജനുവരി 6 – ജ്യോതിപുരം

### യാമപ്രാർത്ഥന

2018 ജനുവരി 4 വ്യാഴം

ശാന്തിഗിരി ജംഗ്ഷൻ, രത്നഗിരി, ലക്ഷ്മിപുരം

**പ്രകാശപഥം**

## വർണ്ണിക്കാനാവാത്ത ഗുരുമഹിമ

എന്റെ ഒമ്പതാമത്തെ വയസ്സിലാണ് എനിക്കാദ്യമായി ഗുരുവിനെ കാണാൻ കഴിഞ്ഞത്. ശൂദ്രസംസ്കാരത്തിന്റെ പ്രതീകമായ കുടുംബമായിരുന്നു എന്റേത്. അങ്ങനെയൊരു ചുറ്റുപാടിലാണ് ഞാൻ വളർന്നതെങ്കിലും കുട്ടിപ്രായത്തിൽത്തന്നെ ഭക്തിപരമായ കാര്യത്തിൽ ഞാൻ തൽപരയായിരുന്നു. ഞാൻ ക്ഷേത്രങ്ങളെയും ആശ്രമങ്ങളെയും പള്ളികളെയും ഒരേ കാഴ്ചപ്പാടിൽത്തന്നെ വീക്ഷിച്ചിരുന്നു. ഈ എല്ലാസ്ഥലങ്ങളിലും പോവുക പതിവുമായിരുന്നു. ഈ അവസരത്തിലാണ് ഗുരുവിനെ കാണാൻ ഇടയായത്. ഗുരു എന്റെ സങ്കല്പത്തിലെ സന്ന്യാസി അഥവാ സ്വാമി തന്നെയായിരുന്നു. കാരണം എന്റെ സങ്കല്പത്തിൽ ഒരു സന്ന്യാസി എന്നത്, ഇന്നു സാധാരണ കാണുന്ന വേഷഭൂഷാദികളോ യന്ത്രതന്ത്രാദികളോ ഒന്നുംതന്നെ ആയിരുന്നില്ല. അതുകൊണ്ട് അത്തരമൊരു ഭാവന ഞാൻ സന്ന്യാസിക്കു കൊടുത്തിരുന്നതുമില്ല.

ഗുരുവിനെ ആദ്യം കാണുമ്പോൾതന്നെ എന്റെ മനസ്, എന്തുകൊണ്ടാണെന്നറിയില്ല, ഒരു ആർദ്രത പകർന്നു. ഒരു നിർവികാരചിന്ത എന്നു പറയുന്നതാവും കൂടുതൽ ശരി. ഈശ്വരന്റേതായ സങ്കല്പംതന്നെ കൊടുക്കാൻ കഴിഞ്ഞു. സർവചരാചരങ്ങളിലും തൂവെള്ള വസ്ത്രം ധരിച്ച ഈ അഭൗമരൂപം സ്നേഹമയമായി തോന്നി. എന്റെ മനസ്സിൽ നിന്നും ആ രൂപം ഒരിക്കലും മായാതെ നിന്നു. ഗുരുവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഗുരു പറഞ്ഞു, “നിങ്ങൾ ഉപാസിക്കുന്ന ആരാധനാമൂർത്തി (മുരുകൻ) ജാഗ്രത്തിലോ സ്വപ്നത്തിലോ വന്ന് ഇതിന്റെ സത്യം വെളിപ്പെടുത്തും. അങ്ങനെ എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടാകുമ്പോൾ ഇങ്ങുവന്നു പറയണം. അല്ലെങ്കിൽ പ്രയോജനമില്ല.” മൂന്നാം ദിവസം ചുവപ്പും മഞ്ഞയും കൂടിച്ചേർന്ന ഒരു പ്രകാശത്തിൽ മുരുകൻ പ്രത്യക്ഷത്തിൽ വന്നുപറഞ്ഞു: “ഈ മാർഗം നല്ലതാണ്, അന്ത്യംവരെയും ഇതിൽ വിശ്വസിച്ചുപോകണം, എനിക്ക് കൂടുതലായി യാതൊന്നും തരാനില്ല, വേണ്ടതെല്ലാം അവിടെയുണ്ട്.” അതിനെത്തുടർന്ന് വീട്ടിൽ എല്ലാവർക്കും ചെറിയനിലയിൽ അനുഭവം ഉണ്ടായിത്തുടങ്ങി. എല്ലാവർക്കും ഇതിന്റെ സത്യമെന്താണെന്ന് അല്പമായെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞു. സത്യമെന്ന നിലയിൽത്തന്നെ തുടർച്ചയായി അനുഭവങ്ങൾ ഉണ്ടായി.

അനന്തരം ഗുരുവിനെക്കണ്ട് ദർശനങ്ങൾ തിരുത്തി. പിന്നെപ്പിന്നെ എനിക്ക് കാഴ്ചയുണ്ടായിക്കഴിഞ്ഞാൽ മനസ്സിനും ശരീരത്തിനും താങ്ങാൻ കഴിയാതെയായി. അങ്ങനെ വന്നപ്പോൾ സ്ഥിരമായി ആശ്രമത്തിൽ, ഗുരുസാമീപ്യത്തിൽ ജീവിക്കണമെന്ന ആഗ്രഹമുണ്ടായി.

അങ്ങനെ 1971 ലെ മേടമാസം 14 ാം തീയതി എന്റെ ആശ്രമജീവിതം ആരംഭിച്ചു. ആ അവസരങ്ങളിലൊക്കെ ആശ്രമത്തിൽ എന്നും പൂർത്തീകരണം, അവസ്ഥാമാറ്റം, ദൈവത്തിൽ നിന്നും അശരീരിയായി വാക്കു കിട്ടുക, അതനുസരിച്ച് കുറച്ചുദിവസം പ്രാർത്ഥന നടത്തുക; ഇങ്ങനെയൊക്കെയായിരുന്നു. ഒരു ദിവസം രാവിലെ ബ്രഹ്മത്തിൽ നിന്നും അശരീരിയുണ്ടായി, ‘എല്ലാവരും കുളിച്ചു ശുദ്ധമായി പ്രാർത്ഥിക്കണം’ എന്ന്. ‘വൈകുന്നേരം അഞ്ചുമണിക്ക് ഞാൻ വരു’മെന്നും പറഞ്ഞു. എല്ലാവിധ കനിവുകളോടുകൂടിയും ബ്രഹ്മപ്രകാശം വന്നുനിന്നു പറഞ്ഞു, “യുഗാന്തരങ്ങളായി ഞാൻ ആഗ്രഹിച്ചിരുന്ന കാര്യം സഫലമായി” എന്ന്. ‘ലോകാന്ത്യംവരെ ഈ ഗുരുപരമ്പര നിലനിൽക്കു’മെന്നും അറിയിച്ചു. യുഗാന്തരങ്ങളായി ഓരോ കർമം ചെയ്യിച്ചുപൂർത്തിയാക്കി, അതിന്റെ സത്ത മാത്രം എടുത്തു മാറ്റിനിറുത്തിയിരുന്ന ഒരു ജീവനാണെന്നും എന്തും ചോദിച്ച് അറിയാനുള്ള അധികാരം ഈ പരമ്പരയ്ക്കല്ലാതെ മറ്റൊരു പരമ്പരയ്ക്കും ഇതുവരെ കൊടുത്തിരുന്നില്ലെന്നും അറിയിച്ചു, അനുഗ്രഹിച്ചു.

എന്റെ അനുഭവത്തിലൂടെ ഗുരു അനുഭവിച്ചിട്ടുള്ള അനവധി കഷ്ടപ്പാടുകളെയും ത്യാഗത്തെയും കാണിച്ചു തന്നു. അതുപോലെ തന്നെ നിങ്ങളുടെയും പരമ്പരയുടെയും ജീവിതംകൊണ്ട് നിങ്ങൾ യാതൊരു കഷ്ടപ്പാടുകളും സഹിച്ചിട്ടില്ലെന്നും അതുകൊണ്ട് അനവധി കഷ്ടപ്പാടുകളും വേദനകളും നിങ്ങളും അനുഭവിച്ചെങ്കിൽ മാത്രമേ ഇതിനെ നിലനിർത്താൻ കഴിയുകയുള്ളൂ എന്നും പറഞ്ഞു തന്നു.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

## ശാന്തിഗിരി തുറക്കുന്ന മോചനമാർഗം

ആയിരക്കണക്കിന് അല്ലെങ്കിൽ ലക്ഷോപലക്ഷം വർഷങ്ങളായി മനുഷ്യനിൽ രൂഢമൂലമായിരിക്കുന്ന ഒരറിവുണ്ട്, ഒരു സംസ്കാരമുണ്ട്, ഒരു ജീവിതരീതിയുണ്ട്. ഈ അറിവും സംസ്കാരവും ജീവിതരീതിയും മനുഷ്യനെ നന്മയിലേക്കു നയിക്കാൻ പര്യാപ്തമാകുന്നുണ്ടോ ഇല്ലയോ എന്നതാണ് വിഷയം. പോയ യുഗങ്ങളുടെ ധർമ്മം തങ്ങളുടെ അറിവിനൊത്തു പെറുക്കിയെടുത്ത് ഇന്നത്തെ ലോകത്തെ ധരിപ്പിക്കാനാണ് ചിലരെങ്കിലും ശ്രമിക്കുന്നത്. വേറെ ചിലർ ധർമ്മമോ അധർമ്മമോ തിരിച്ചറിയാതെ വസ്തുതകളെ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചും വിസ്തരിച്ചും മനുഷ്യമസ്തിഷ്കത്തെ പ്രക്ഷാളനം ചെയ്യാനൊരുങ്ങുന്നു. മറ്റു ചിലർ യോഗമാർഗമെന്നും കർമമാർഗമെന്നും ഭക്തിമാർഗമെന്നും ജ്ഞാനമാർഗമെന്നും ആചാര്യമാർഗമെന്നും പ്രവാചകമാർഗമെന്നും പറഞ്ഞു പഴയതിനെ പുതിയതാക്കി കൊണ്ടുവരുന്നു. ഫലത്തിൽ ഇവയൊന്നും മനുഷ്യനെ, അവനകപ്പെട്ടിരിക്കുന്ന ഇരുട്ടിൽ നിന്നും പുറത്തുകടത്താൻ പര്യാപ്തമാകുന്നില്ല. ആരുടെയും വാക്കുകൾ ആരും വിശ്വസിക്കുന്നില്ല. എല്ലാറ്റിലും ഒരു കള്ളം ഒളിഞ്ഞിരിക്കുന്നു എന്നാണ് ഏവരുടെയും ചിന്ത! പരസ്പരവിശ്വാസം നഷ്ടപ്പെട്ട സമൂഹം സ്നേഹത്തിന്റെ മൃതശയ്യയിൽ ശപിച്ചും പിറുപിറുത്തും വിദ്വേഷവും പകയും പുലർത്തിപ്പോയ ദിനങ്ങളുടെ ധന്യസ്മരണകൾ ഉണ്ട് ആവലാതിയിൽ പേക്കിനാവുകൾ കണ്ട് ഉറക്കം കിട്ടാതെ വലയുന്നു. ഏതു കർമ്മം വരും, ആരുടെ വാക്കു വരും ഇതിൽനിന്നു മോചനപ്പെടുത്താൻ? മോചനപ്പെടണം എന്ന ഇച്ഛാശക്തി ഉള്ളിൽ വരാൻ എത്രകാലം കാത്തിരിക്കണം? സമൂഹം എന്നെങ്കിലും ഇതിനുത്തരം കണ്ടെത്തിയേ മതിയാവൂ. മാറിയേ മതിയാവൂ. ശാന്തിഗിരി ഈ മാറ്റത്തിന്റെ വാതായനമാണ് ലോകത്തിനു മുമ്പിൽ തുറന്നുവയ്ക്കുന്നത്. തികച്ചും ഈശ്വരനിശ്ചയമായി കിട്ടിയതാണ് ശാന്തിഗിരിയുടെ മാർഗം. ഈ മാർഗം എല്ലാറ്റിനെയും എല്ലാവരെയും സ്വീകരിക്കുന്നു, ഉൾക്കൊള്ളുന്നു. അത് യാതൊന്നിനെയും നിരാകരിക്കുന്നില്ല, താഴ്ത്തിക്കെട്ടുന്നില്ല. എല്ലാറ്റിനെയും മഹത്വപ്പെടുത്തുന്നു. കാരണം അതിന്റെ അന്ത:സത്ത മഹത്വമാണ്, സ്നേഹമാണ്, അങ്ങേയറ്റത്തെ ഗുരുത്വമാണ്. ഗുരുത്വമെന്നത് ദൈവത്തിന്റെ സ്നേഹമാണ്. ആ സ്നേഹം ത്യാഗംകൊണ്ടു നേടിയെടുത്തവരാണ് മഹാത്മാക്കൾ. മഹാത്മാക്കളിൽ മഹാത്മാവാണ് ഗുരു. ഗുരുവാണ് എല്ലാറ്റിലും എല്ലാമായി നിന്നുകൊണ്ട് ശാന്തിഗിരിയെ നയിക്കുന്നത്. ശാന്തിഗിരിയിലൂടെ, ഗുരുവിലൂടെ ലോകം മാറ്റത്തിന്റെ വസന്തശോഭയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

## നാൾവഴി - 2017

| | |
|---|---|
| ജനുവരി 12 | അസമിലെ ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ സയൻസസ്<br>മുഖ്യമന്ത്രി സർബാനന്ദ സോനോവാൾ ഉദ്ഘാടനം ചെയ്തു. |
| ജനുവരി 19 | പാലക്കാട് ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ മൂന്നു ദിവസത്തെ 'അമൃതം' ദേശീയ ശില്പശാല ആരംഭിച്ചു |
| ജനുവരി 20 | ജന്മഗൃഹതീർത്ഥയാത്ര വാർഷികം ആഘോഷിച്ചു |
| ജനുവരി 21 | കേരള സർവകലാശാലയിൽ നവജ്യോതിശ്രീകരുണാകരഗുരു ചെയർ ആരംഭിക്കാൻ അനുവാദം ലഭിച്ചു |
| ജനുവരി 28 | ശാന്തിഗിരി ആശ്രമം പങ്കാളിയായ 'വഴികാട്ടി' ലഹരിവിരുദ്ധ ബോധവത്കരണ പദ്ധതി<br>മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു |
| ഫെബ്രുവരി 10 | പ്രതിഷ്ഠാവാർഷികം ആഘോഷിച്ചു |
| ഫെബ്രുവരി 15 | പൂജിതപീഠം സമർപ്പണത്തിനു മുന്നോടിയായി ഏഴ് ദിവസത്തെ സത്സംഗം ആരംഭിച്ചു |
| ഫെബ്രുവരി 22 | പൂജിതപീഠം സമർപ്പണം - അർദ്ധവാർഷിക കുംഭമേള. സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു |
| മാർച്ച് 1 | സഹകരണമന്ദിരം സമർപ്പണം വാർഷികം ആഘോഷിച്ചു |
| ഏപ്രിൽ 24, 25 | ഗുരുവിന്റെ ജീവചരിത്രവുമായി 'പാഥേയം' എപ്പിസോഡ് ഏഷ്യാനെറ്റിൽ സംപ്രേക്ഷണം ചെയ്തു |
| ഏപ്രിൽ 26 | ഒൻപത് ദിവസത്തെ നവഒലി ശാന്തിസംഗമത്തിനു തുടക്കമായി |
| മെയ് 4 | നവഒലി ജ്യോതിർദിനം സൗഹൃദക്കൂട്ടായ്മ തിരുവനന്തപുരത്ത് നടന്നു |
| മെയ് 6 | നവഒലി ജ്യോതിർദിനം സർവമംഗളസുദിനം. നവഒലി സമ്മേളനം ശ്രീലങ്കൻ മന്ത്രി രഞ്ജിത്ത് മദുമ ബണ്ടാരെ ഉദ്ഘാടനം ചെയ്തു |
| മെയ് 31 | ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിടത്തിന് അഭിവന്ദ്യ ശിഷ്യപൂജിത തിരിതെളിയിച്ചു |
| ജൂൺ 1 | മാണിക്കൽ ഗ്രാമപഞ്ചായത്തുമായി ചേർന്ന് ആശ്രമം തുടങ്ങിയ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് മന്ത്രി കെ.റ്റി. ജലീൽ ഉദ്ഘാടനം ചെയ്തു |
| ജൂലൈ 1 | സംസ്ഥാന ശുചിത്വമിഷന്റെ ഗ്രീൻ പ്രോട്ടോക്കോൾ സർട്ടിഫിക്കറ്റ് ശാന്തിഗിരി ടേക് എ ബ്രേകിന് ലഭിച്ചു |
| ജൂലൈ 14 | ഗുരുധർമ്മപ്രകാശസഭയിലെ മുതിർന്ന അംഗമായ സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി ഗുരുജ്യോതിയിൽ ലയിച്ചു |
| ജൂലൈ 16 | ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ നവീകരിച്ച ഓഫീസിന് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി തിരിതെളിയിച്ചു |
| ഓഗസ്റ്റ് 17 | കൗമുദി ചാനലിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അവതരിപ്പിക്കുന്ന പ്രതിവാര പരിപാടിയായ 'തിരിച്ചറിവി'ന് തുടക്കമായി. |
| ഓഗസ്റ്റ് 1 | ദേശീയ നേതാവ് അമർസിംഗ് എം.പി. ആശ്രമം സന്ദർശിച്ചു |
| ഓഗസ്റ്റ് 15 | ആശ്രമത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരുന്ന ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റിലെ സീനിയർ അഡ്വൈസർ<br>കെ. സതീശൻ ദിവംഗതനായി |
| ഓഗസ്റ്റ് 20 | ഗുരുവിന്റെ ജീവചരിത്രഗ്രന്ഥത്തിന്റെ തെലുങ്ക് പരിഭാഷ, തെലങ്കാന നിയമസഭ സ്പീക്കർ മധുസൂദനചാരി ഹൈദരബാദിൽ വച്ച് പ്രകാശനം ചെയ്തു |
| ഓഗസ്റ്റ് 22 | നവപൂജിതത്തിനു മുന്നോടിയായി നടന്ന അഞ്ച് ദിവസത്തെ ഗ്ലോബൽ സ്പിരിചൽ കോൺക്ലേവിന് തുടക്കമായി.<br>കേന്ദ്രമന്ത്രി സുദർശൻ ഭഗത് ഉദ്ഘാടനം ചെയ്തു |
| ഓഗസ്റ്റ് 25 | അഭിവന്ദ്യ ശിഷ്യപൂജിതയുടെ മാതാവ് പി.എൻ. രത്നമ്മ അമ്മ ദിവംഗതയായി |
| ഓഗസ്റ്റ് 27 | നവപൂജിതം 91. ഗുരുവിന്റെ 91-ാമത് ജന്മദിനപൂജിത സമർപ്പണ ആഘോഷം പ്രാർത്ഥനാപൂർവം നടന്നു.<br>ശ്രീലങ്കൻ മന്ത്രി വസന്ത സേനാനായകെ നവപൂജിതം സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| സെപ്റ്റംബർ 6 | ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയം അഭിവന്ദ്യ ശിഷ്യപൂജിത സന്ദർശിച്ചു |
| സെപ്റ്റംബർ 13 | ആശ്രമം അഡ്വൈസറി കമ്മിറ്റി ഡെപ്യൂട്ടി ജനറൽ കൺവീനർ എം ചിദംബരൻ ദിവംഗതനായി.<br>ഇദ്ദേഹത്തിന്റെ കുടുംബത്തിനാണ് ആദ്യമായി ഗുരുപൂജ നടത്തിയത്. |
| സെപ്റ്റംബർ 20 | പൂർണ്ണ കുംഭമേള ആഘോഷിച്ചു |
| സെപ്റ്റംബർ 21 | പത്ത് ദിവസത്തെ സന്ന്യാസദീക്ഷാവാർഷികം സത്സംഗം ആരംഭിച്ചു |
| സെപ്റ്റംബർ 30 | മുപ്പത്തിമൂന്നാമത് സന്ന്യാസദീക്ഷാ വാർഷികം ആഘോഷിച്ചു |
| ഒക്ടോബർ 4 | ആശ്രമത്തിന്റെ മധുരൈയിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വന്ന ഡോ. എസ്. ശിവസുബ്രമണ്യൻ ദിവംഗതനായി |
| ഒക്ടോബർ 9 | ആശ്രമം ഡയറക്ടർ ബോർഡ് മാറ്റമില്ലാതെ തുടരണമെന്ന ഗുരുകല്പന ലഭിച്ചു |
| ഒക്ടോബർ 12 | മ്യാൻമറിൽ നടന്ന അഞ്ച് ദിവസത്തെ ഏഷ്യാ വിഷൻ കോൺഫ്രൻസിൽ ആശ്രമത്തെ പ്രതിനിധീകരിച്ച്<br>സ്വാമി നവനന്മ ജ്ഞാനതപസ്വി പങ്കെടുത്തു |
| ഒക്ടോബർ 20 | ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാല പുതുതായി വിപണിയിലിറക്കുന്ന 'മാതുളൈ മണപ്പാക്' ഗുരുവിന് സമർപ്പിച്ചു |
| നവംബർ 5 | ആശ്രമത്തിൽ സാംസ്കാരികദിനം ആചരിച്ചു |
| നവംബർ 18 | ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതല പുന:ക്രമീകരിച്ചു |
| ഡിസംബർ 13 | ശാന്തിഗിരി ആശ്രമം വൈക്കം പ്രാർത്ഥനാകേന്ദ്രത്തിലെ ഓങ്കാര സ്ഥാപനം സ്വാമി ചൈതന്യ ജ്ഞാനതപസ്വി നിർവഹിച്ചു |
| ഡിസംബർ 15 | പൂജിതപീഠം സമർപ്പണം ആഘോഷത്തിനു മുന്നോടിയായുള്ള പ്രചാരണ പരിപാടികൾക്ക് തുടക്കമായി |

## സർഗകൈരളിയുടെ പ്രവർത്തനങ്ങൾ മാതൃകാപരം
## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കാഞ്ഞാംപാറ:** കാരുണ്യസേവന പ്രവർത്തനങ്ങൾക്ക് സർഗകൈരളി ക്ലബ് മാതൃകയാണെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. സർഗകൈരളിയുടെ 28 ാമത് വാർഷികാഘോഷത്തോട് അനുബന്ധിച്ച് നടത്തിയ സമൂഹവിവാഹ ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നിർവഹിക്കുകയായിരുന്നു സ്വാമി. രണ്ട് നിർദ്ധന യുവതികളാണ് സമൂഹ വിവാഹത്തിൽ സുമഗംലികളായത്. ആലിയാട് ചീനിവിള പത്തേക്കറിൽ അനീഷ് ഭവനിൽ അഞ്ജുവിന് ആലിയാട് താമരവിള പുത്തൻവീട്ടിൽ സജീവും പേരൂർക്കട മണ്ണാമൂല പൊറ്റയിൽ വീട്ടിൽ ശില്പയ്ക്ക് കരകുളം കുന്നൂർശാല അയണിക്കാട് ആര്യഭവനിൽ ഷൈനും വരന്മാരായി. സമൂഹവിവാഹത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സി. ദിവാകരൻ എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് സുജാത, ശ്രീഗോകുലം മെഡിക്കൽ കോളേജ് എം.ഡി. ഡോ. കെ. കെ. മനോജൻ തുടങ്ങിയവരും സംബന്ധിച്ചു.

## 'സ്നേഹസ്പർശം'
## ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് തുടക്കം

**ഹരിപ്പാട്:** പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനില്ക്കുന്ന സന്നദ്ധസേവന ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ശാന്തിഗിരി ആശ്രമം ഹരിപ്പാട് ഏരിയ ഓഫീസിൽ തുടക്കമായി. 'സ്നേഹസ്പർശം' എന്നു പേരിട്ട പരിപാടി ഡിസംബർ 25ന് ആശ്രമം ബ്രാഞ്ചിൽ നടന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. വേദവാഹിനികളായിരുന്ന സ്ത്രീകളിൽ വന്ന മൂല്യച്യുതി ഇല്ലായ്മ ചെയ്ത് ആ സമൂഹത്തെ ആത്മീയതയുടെ ഔന്നത്യത്തിലേക്ക് നയിച്ച ഗുരുവിന്റെ കാരുണ്യവും ത്യാഗജീവിതവും സ്വാമി പ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. ഏരിയ ഓഫീസ് ഇൻചാർജ് സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി, ബിജു സി., ഡോ. ദിവ്യചന്ദ്രൻ തുടങ്ങിയവർ സംബന്ധിച്ചു. പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് സെന്റ് തോമസ് ഓർഫനേജിലെ അന്തേവാസികൾക്ക് സഹായം നല്കി.



*'സ്നേഹസ്പർശം' സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

# പൂജിതപീഠം സമർപ്പണം: ഗൃഹസന്ദർശന പരിപാടി തുടരുന്നു















**സ്പിരിച്വൽ സോൺ:** പൂജിത പീഠം സമർപ്പണം ആഘോഷത്തിനു മുന്നോടിയായി ആശ്രമപരിസരത്തെ ആത്മബന്ധുക്കളുടെ ഭവനങ്ങളിൽ നടക്കുന്ന ഗൃഹസന്ദർശന പരിപാടി സജീവമായി നടന്നുവരികയാണ്. സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാന തപസ്വി, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ജനനി കൃപ ജ്ഞാനതപസ്വിനി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, ജനനി മംഗള ജ്ഞാനതപസ്വിനി തുടങ്ങിയ സന്ന്യാസിസന്ന്യാസിനിമാരാണ് വിവിധ യൂണിറ്റുകളിൽ പരിപാടിക്ക് നേതൃത്വം നല്കുന്നത്. ശാന്തിപുരം യൂണിറ്റിൽ ജനനി സുപഥ ജ്ഞാനതപസ്വിനി, ജനനി കൃപ ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി എന്നിവരും കരുണപുരം, ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റുകളിൽ ജനനി കൃപ ജ്ഞാനതപസ്വിനിയും ഗൃഹസന്ദർശനം നടത്തിവരുന്നു. ജനസേവികപുരത്ത് സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വിയും സ്വാമി ജനമോഹനൻ ജ്ഞാനതപസ്വിയും പാലോട്ടുകോണത്ത് ജനനി സുപഥ ജ്ഞാന തപസ്വിനിയും സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വിയും ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനിയുമാണ് ഗൃഹസന്ദർശനം നടത്തുന്നത്. ആനന്ദപുരത്ത് സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വിയും സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയും ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനിയും ജനനി മംഗള ജ്ഞാനതപസ്വിനിയും ഗൃഹസന്ദർശനത്തിന് നേതൃത്വം നല്കുന്നു. പ്രാർത്ഥനയ്ക്കും പ്രസാദവിതരണത്തിനും ശേഷം ഓരോ ഭവനങ്ങളിലും അര മണിക്കൂറോളം സമയം ചെലവഴിക്കുന്നു. കോഡിനേറ്റർമാരും ഗൃഹസന്ദർശനത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നവരും സന്ന്യാസി സന്ന്യാസിനിമാരെ അനുഗമിക്കുന്നുണ്ട്.

# ശ്രീലങ്കൻ ബുദ്ധമത സമ്മേളനത്തിൽ ശ്രദ്ധ നേടി എസ്.ആർ.എഫ്.



*സമ്മേളനത്തിൽ ഡോ.കെ.ഗോപിനാഥൻപിള്ള സംസാരിക്കുന്നു*

**കൊളംബോ:** ഡിസംബർ 24 ന് ശ്രീലങ്കയിൽ നടന്ന ബുദ്ധമത സമ്മേളനത്തിൽ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ പ്രതിനിധിയായി ഫെലോ ഡോ. കെ. ഗോപിനാഥൻ പിള്ള പങ്കെടുത്തു. ആഗോളതലത്തിൽ തന്നെ അക്രമങ്ങളും അനീതിയും വിദ്വേഷവും വർദ്ധിച്ചു വരുന്നതും ഇവയെ നേരിടുന്നതിന് വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉണ്ടാവേണ്ട പൊളിച്ചെഴുത്തിനെക്കുറിച്ചും ഈ പ്രതിസന്ധിക്ക് പരിഹാരമായുള്ള ശ്രീബുദ്ധന്റെയും ഗുരുവിന്റെയും ആശയങ്ങളെക്കുറിച്ചും ഡോ. ഗോപിനാഥൻ പിള്ള സമ്മേളനത്തിൽ സംസാരിച്ചു. കൊളംബോയിലെ കേളാനിയ നാഗനന്ദ ഇന്റർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബുദ്ധിസ്റ്റ് സ്റ്റഡീസ് സംഘടിപ്പിച്ച സമ്മേളനത്തിൽ ഇന്ത്യക്കു പുറമെ ചൈന, തായ് വാൻ, തായ് ലണ്ട്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും സംബന്ധിച്ചു. ശ്രീലങ്കൻ പാർലമെന്റ് സ്പീക്കർ കരു ജയസൂര്യ സമ്മേളനം ഉദ്ഘാടനം ചെയ്തു.

# ഗുരുകാന്തി അവധിക്കാല പഠനക്ലാസുകൾ നടക്കുന്നു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ഗുരുകാന്തിയിൽ കുട്ടികൾക്കായി അവധിക്കാല പഠന ക്ലാസുകൾ നടന്നുവരുന്നു. ഡിസംബർ 26 മുതൽ ആരംഭിച്ച ക്ലാസുകൾ ജനുവരി 2 വരെ ഉണ്ടായിരിക്കും. ജനനി കൃപ ജ്ഞാനതപസ്വിനിയുടെ നേതൃത്വത്തിൽ സന്മാർഗ പഠനക്ലാസുകൾ, ഗുരുഗീത ക്ലാസുകൾ, ഭാഷാപഠനം, വിവിധയിനം മത്സരങ്ങൾ എന്നിവ നടക്കും. ക്ലാസിൽ അറുപതോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്.

എല്ലാദിവസവും ഉച്ചയ്ക്ക് പന്ത്രണ്ടു മണിക്കുള്ള ആരാധനയിലും ക്യാമ്പ് അംഗങ്ങൾ പങ്കെടുക്കുന്നു.

# നാളെ പൗർണമി

**സ്പിരിച്വൽ സോൺ:** ധനുമാസത്തിലെ പൗർണമി നാളെ ആശ്രമത്തിൽ പ്രാർത്ഥനാപൂർവ്വം ആഘോഷിക്കും. വ്രതശുദ്ധിയോടെ എത്തുന്ന ആത്മബന്ധുക്കൾ രാവിലെ മുതൽ നടക്കുന്ന പ്രാർത്ഥനാസങ്കല്പങ്ങളിലും ഉച്ചയ്ക്ക് നടക്കുന്ന തട്ടം സമർപ്പണത്തിലും വൈകുന്നേരം നടക്കുന്ന കുംഭ-ദീപ പ്രദക്ഷിണത്തിലും പങ്കെടുത്ത് പ്രാർത്ഥിക്കും. പുതുവത്സരദിനം പൗർണമിയാണെന്ന പ്രത്യേകതയും ഇത്തവണയുണ്ട്.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala